compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജനുവരി 20
**Tuesday, 20th January 2026**

1201 മകരം 6
**6th Makaram 1201**

1947 പൌഷം 30
**30th Pousha 1947**

വാല്യം 15
**Vol. XV**

നമ്പർ / **No.** 3

## Part III

## Forest and Wildlife Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# KERALA FOREST DEPARTMENT

## CHALAKUDY DIVISION

## E-AUCTION NOTIFICATION

**No.CA3- 489/2025** Date : **09.01.2026**

It is hereby notified for the information of the public that the right of felling ,collection and removal of marked and enumerated dangerously standing Accacia trees (22 nos) from 2007 Acacia plantation under Vellikulanagara Range of Chalakudy Division specified in the schedule appended below will be sold in e-auction on **06.02.2026 at 11.30 AM** subject to the terms and conditions of sale of Timber in Government Timber Depots published in Government Gazette No: 43 Vol. V dated 01.11.2016 vide Notification No. Pro (4) 26243/13 dated: 26.09.2016 of the Addl. Principal Chief Conservator of Forests (Protection) Thiruvananthapuram, subject to the conditions published by M/s MSTC Ltd through website www.mstcecommerce.com and as per general conditions of the sale of tree growth prevailing in the Department and also subject to the following conditions. The participants of e-auction should remit Earnest Money Deposit through e-payment /e treasury before the conduct of e-auction.

### E-AUCTION SCHEDULE

| Sl No | Name of Plantation | No.of trees | Approximate quantity of Timber(m3) | Approximate quantity of Fire wood(MT) | Approximate Contract Value of Timber | Approximate Contract Value of Firewood | Total Amount |
|---|---|---|---|---|---|---|---|
| 1 | 2007Acacia plantation | 22 | 14.317 | 13.548 | 211000 | 23000 | 234000 |

| | | |
|---|---|---|
| Date and time of receipt of bid in e-auction | : | **06.02.2026 11.30 AM** |
| Closure of e-auction | : | **06.02.2026 3.30 PM** |
| If it remain unsold or e-auction could not be conducted on the proposed date ,it will be conducted on | | **16.02.2026 ,26.02.2026 ,05.03.2026 11.30 AM** |
| Earnest Money Deposit (EMD) | : | **Rs. 25,000/-** |
| Period of contract | : | **60 days from the date of intimation of confirmation order** |

Intending bidders may inspect the plantations and satisfy themselves with the area of plantation, quantity and quality of the produce before participating in the e-auction. Complaints if any regarding quality and quantity etc. received after the e-auction will not be entertained Auction shall be subject to the depot auction terms and conditions published as Pro (5) 26274/12 dt 11.12.2012 of Additional Principal Chief Conservator of Forests (FM) Tvm and other existing conditions relating to the sale of standing trees and the following conditions . Intending Tenderers/Bidders should deposit an Earnest Money Deposit of Rs.25,000/- (Rupees Twenty Five Thousand only) till 6 pm on the previous day of the auction through e-chalan in e-treasury in the head of account of account 0408-01-101-99-05 for participating in the e-auction. Send the copy of above e-chalan to the e-mail id dfo.clkdy.for@kerala.gov.in. The buyer registration number has to be mentioned while paying the EMD.

## Sale Conditions

1. The successful Tenderers/Bidders have to remit 35% of the sale value , after adjusting E.M.D already remitted, within 07 days from the date of confirmation. If he fails to remit this amount, the EMD will be forfeited to Government and the area will be re-auctioned at his risk and loss.
2. In case of unsuccessful bidders , the E.M.D will be returned to the bidders
3. In case the notified date happens to be a public holiday , the auction will be conducted on the next working day at the notified place and time.
4. Intending bidders may inspect the plantations and satisfy themselves with the area of plantation, quantity and quality of the produce before participating in the e-auction. Complaints if any regarding quality and quantity etc. received after the e-auction will not be entertained

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

5. The confirmation of the e-auction sale will ordinarily be communicated to the party concerned as early as possible. Within 15 days from the date of issue of acceptance letter, the successful tenderers/Bidders should execute an agreement on a stamp paper worth rupees equal to an amount, 0.1% of the total Sale value , after remitting 1/3rd of the balance sale value and 5% Forest Development Tax, GST (as per Rule) and Income Tax at the rate in force and security deposit of 5% for the total sale value. In case of failure to remit the amount within 15 days extension shall be granted by the Divisional Forest Officer for 15 days subject to the realization of 12% penal interest. Further extension for 15 days shall be granted by the Divisional Forest Officer subject to the realization of 24% penal interest. In case of failure to remit the amount within the extended period, further extension for 15 days

   by the Chief Conservator of Forests, Central Circle, Thrissur and 15 days by the Addl. Principal Chief Conservator of Forests shall be granted subject to the realization of penal interest at 24% and 48% respectively. But all the extension periods mentioned above will be within the original contract period.

6. The balance 2/3rd sale value should be remitted in two equal installments by the successful Tenderers/Bidders. The first installment should be remitted within 15 days from the date of agreement and the second installment within 30 days from the date of agreement or within the contract period whichever is earlier. If the successful Tenderers/Bidders fails to remit the above amount within the period mentioned above, extension for 15 days by realizing penal interest at 12% by the Divisional Forest Officer concerned, extension for 30 days by realizing penal interest at 24% by the Chief Conservator of Forests concerned and further extension for 30 days by the Addl. Principal Chief Conservator of Forests concerned by realizing penal interest at 48% shall be granted respectively. But all the above extended periods will be within the original contract period.
7. The participating Tenderers/Bidders have rights for the felling, collection and removal of marked and enumerated standing trees only and they have no right for felling, collection and removal of others.
8. The successful bidders have to pay FDT (Forest Development Tax), GST, Income Tax, and all other relevant taxes and charges at the rate prevailing from time to time.
9. No post offer is permitted in the e-auction.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

10. The period of contract will be 60 days from the date of intimation of confirmation. No extension of the period of contract shall normally be granted on any ground. Under very special circumstances, for good and sufficient reasons, the Chief Conservator of Forests concerned may grant extension of time for one month each respectively on realization of penalty or penalties for completion of each work for each month mentioned below.

a) For enumerated trees and balance unfelled per hectare or fraction thereof- Rs.750/- per hectare

b) Unremoved registered logs and unregistered logs- Rs.100/- per $m^3$ or fraction thereof.

c) Unremoved firewood- Rs.50/- per Tone or fraction thereof.

Penalty will be assessed and realized on timber, firewood as the case may be which are either uncollected or unremoved during the original contract period. The penalty for the first month shall be realized as per above rates, double the rate for the second month shall be realized. If the Tenderer/Bidder fail to remove the entire produce within the above extended period, the whole timber and firewood collected by the tenderer as per the agreement will be forfeited to government and the Tenderer/Bidder shall not have any right on the produce confiscated to government.

In the above circumstances, the balance work to be executed by the tenderer shall be completed departmentally and all the loss sustained to government in this regard shall be realized from the tenderer/bidder

11. The purchaser shall not assign or transfer the allotted plantations to any other person or party.
12. The contractor or his agent shall enter into the coupe only after getting the written permission from the Divisional Forest Officer, Chalakudy or Range Forest Officer, Vellikulangara
13. The contractor shall at all time during the currency of the contract, keep the boundaries cleared to a width of 2 meters and keep the cairns intact.
14. A duly authorized agent of the purchaser shall be present at all the times in the contract area. Purchaser may employ an agent or agents to assist them in the work but no such agent shall be considered as duly authorized agent unless his name, residence and a specimen of his signature have been submitted to the Divisional Forest Officer and approved by him. Divisional Forest Officer reserves to himself the power to object to any of those men appointed as such, by the Purchaser on sufficient grounds. The Purchaser shall not engage as their agent or workmen or any person blacklisted by the Kerala Forest Department or Government.

15. The Purchaser, their agent and workmen shall comply with the orders and instructions issued by the authorized officers of Kerala Forest Department including Beat Forest Officers, Section Forest Officers, Deputy Range Forest Officers, Range Forest Officers and Divisional Forest Officer from time to time in the matter of collection and removal of produce under the contract.

16. The contractor will be liable for any damage or loss caused to other trees in the nearby plantations, if any or in the reserve

17. The Purchaser shall be liable for any loss caused to the produce collected by them by the way of fire, theft or any other means caused due to any action or omission by purchaser's officials or their agents. Purchaser may insure the produce collected by them from the allotted area against fire, theft or any other loss as per the Rules governing the insurance of goods and shall pay to the Kerala Forest Department the value of any such produce lost due to fire, theft or any other means.

18. The Purchaser, their agent and workmen shall be dealt with as per the provisions under Kerala Forest Act and Rules. They shall not knowingly give any shelter within the contract area to any person who has committed any criminal offence.

19. The security deposit will be refunded only after the successful completion of the Agreement conditions after producing the clearance certificates of Sales Tax, GST, Income Tax, If there is any liabilities outstanding in this respect to the government, that will be adjusted from the security deposit of the contractor.

20. All common conditions regarding sale coupes are also applicable to this e-auction.

21. The license for the removal of felled trees from the site shall be issued only after full payment of tender and taxes. The contractor shall obtain a pass from the forest department to removed the felled trees from the site.

22. The bidder will be liable for all the illegal activities occurred within 0.4 km perimeter of the above mentioned area. Any such activities noticed should be reported to the forest officials by the contractor, otherwise the contract will be cancelled.

23. The contractor will be liable for any damage or loss during the felling and removal of trees that may be caused, to the accidental death of contractor's employees ,Government or public.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

24. If any modification or change in the sale condition are intimated by the Additional Principal Chief Conservator of Forests (Pro) Thiruvananthapuram that will be also be applicable to this e-auction . Divisional forest officer shall be the authority to interpret all or any of the conditions laid down within the contract and their decision shall be final and binding on Purchaser. All disputes arising out of or anyway connected with the contract shall be deemed to have arisen in Vellikulangara Range area and within the jurisdiction of Chalakudy Court, Thrissur which court shall determine such disputes.
25. All common conditions regarding sale coupes are also applicable to this e-auction. The license for the removal of timber and firewood collected from the coupe should be issued only on the basis of the prevailing norms.
26. The starting price quoted in below the seigniorage rate calculated as per government rate, there for before awarding the work to successful bidder needful approval will be sought from government .

Further details can be sought from the office of the undersigned or from the office of the Range Forest Officer, Vellikulangara on all working days.

**SCHEDULE I**

**Abstract: 22 Accasia trees in 2007 Accacia Plantation of Vellikulangara Range**

| Sl No | Marking No | Girth (cm) | Height (m) | Approximate Qty of timber Volume (m3) | Value Timber | Approximate Qty of FW Volume (MT) | Value FW | Total Value |
|---|---|---|---|---|---|---|---|---|
| 1 | 726/24 | 160 | 10 | 1.838 | 31356 | 1.144 | 1933.4 | 33289.64 |
| 2 | 727/24 | 140 | 15 | 1.195 | 20387 | 0.947 | 1600.4 | 21987.13 |
| 3 | 728/24 | 128 | 8 | 0.896 | 15286 | 0.820 | 1385.8 | 16671.56 |
| 4 | 729/24 | 125 | 10 | 0.830 | 14160 | 0.788 | 1331.7 | 15491.52 |
| 5 | 730/24 | 160 | 15 | 1.838 | 31356 | 1.144 | 1933.4 | 33289.64 |
| 6 | 731/24 | 160 | 12 | 1.838 | 31356 | 1.144 | 1933.4 | 33289.64 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | 732/24 | 130 | 10 | 0.942 | 16071 | 0.841 | 1421.3 | 17491.81 |
| 8 | 733/24 | 32 | 10 | 0.128 | 1309.4 | 0.256 | 432.64 | 1742.08 |
| 9 | 734/24 | 100 | 12 | 0.404 | 4132.9 | 0.526 | 888.94 | 5021.86 |
| 10 | 735/24 | 105 | 12 | 0.473 | 4838.8 | 0.577 | 975.13 | 5813.92 |
| 11 | 736/24 | 80 | 10 | 0.197 | 2015.3 | 0.338 | 571.22 | 2586.53 |
| 12 | 737/24 | 80 | 8 | 0.197 | 2015.3 | 0.338 | 571.22 | 2586.53 |
| 13 | 738/24 | 90 | 8 | 0.288 | 2946.2 | 0.429 | 725.01 | 3671.25 |
| 14 | 739/24 | 70 | 4 | 0.128 | 1309.4 | 0.256 | 432.64 | 1742.08 |
| 15 | 740/24 | 100 | 15 | 0.404 | 4132.9 | 0.526 | 888.94 | 5021.86 |
| 16 | 741/24 | 110 | 8 | 0.550 | 5626.5 | 0.629 | 1063 | 6689.51 |
| 17 | 742/24 | 105 | 10 | 0.473 | 4838.8 | 0.577 | 975.13 | 5813.92 |
| 18 | 743/24 | 80 | 4 | 0.197 | 2015.3 | 0.338 | 571.22 | 2586.53 |
| 19 | 744/24 | 90 | 10 | 0.288 | 2946.2 | 0.429 | 725.01 | 3671.25 |
| 20 | 745/24 | 80 | 5 | 0.197 | 2015.3 | 0.338 | 571.22 | 2586.53 |
| 21 | 746/24 | 120 | 15 | 0.728 | 7447.4 | 0.734 | 1240.5 | 8687.9 |
| 22 | 747/24 | 90 | 12 | 0.288 | 2946.2 | 0.429 | 725.01 | 3671.25 |
| | | | | **14.317** | **211000** | **13.548** | **23000** | **234000** |

Phone No. – Divisional Forest Office, Chalakudy Division : 04802701340

Range Forest Office, Vellikulangara : 04802742053,8547601836

Sd/-

M. Venkateshwaran IFS

Divisional Forest Officer , Chalakudy

(For and on behalf of the Governor of the State of Kerala)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ചാലക്കുടി ഫോറസ്റ്റ് ഡിവിഷൻ

### ഇ -ലേല പരസ്യം

നം.CA3-489/25 തീയതി 09.01.2026

ചാലക്കുടി ഡിവിഷനിലെ വെള്ളികുളങ്ങര ഫോറെസ്റ്റ് റെയ്ഞ്ചിൽ 2007 അക്കേഷ്യ തോട്ടത്തിൽ അപകടാവസ്ഥയിൽ നിൽക്കുന്ന 22 അക്കേഷ്യ മരങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം വെട്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം 01.11.2016 ലെ കേരള ഗസറ്റ് നമ്പർ 43, വാല്യം 5 യിൽ നം പ്രൊ-4-26243/13 തീയതി 26.09.2016 ആയി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സർക്കാർ ഡിപ്പോകളിൽ തടി വിൽക്കുന്നതിനുള്ള പൊതു ഇ ലേല വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള നിൽപ്പമരങ്ങൾ ലേലം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾക്കും കൂടാതെ ഇതിലേക്കായി M/s MSTC Ltd, www.mstcecommerce.com എന്ന വെബ്സെറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വ്യവസ്ഥയ്ക്കും താഴെ പറയുന്ന വ്യവസ്ഥകൾക്കും വിധേയമായി M/s MSTC Ltd മുഖേന 06.02.2026 ന് 11.30 AM മണിക്ക് ഇ -ലേലത്തിലൂടെ വിൽപ്പന നടത്തുന്നതാണ് ഇ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇ -ലേലത്തിന് മുൻപ് നിയമപ്രകാരമുള്ള നിരതദ്രവ്യം ഇ -പേയ്മെന്റ് /ഇ ട്രഷറി വഴി കെട്ടിവക്കേണ്ടതാണ് . ഇ-ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ വ്യക്തിയുടെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടക്കുമ്പോൾ രേഖപ്പെടുത്തണം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഇ-ലേല പട്ടിക

ചാലക്കുടി ഡിവിഷൻ

വെള്ളികുളങ്ങര റെയ്ഞ്ച്

| ക്രമ നമ്പർ | തോട്ടത്തിൻറെ പേര് | മരങ്ങളുടെ എണ്ണം | ഏകദേശ അളവ് (m3) | ഏകദേശ വിറകിന്റെ അളവ് (MT) | തടിയുടെ മതിപ്പ് വില | വിറകിന്റെ മതിപ്പ് വില | ആകെ വില |
|---|---|---|---|---|---|---|---|
| 1 | 2007 അക്കേഷ്യ തോട്ടം | 22 | 14.317 | 13.548 | 211000 | 23000 | 234000 |

| | |
|---|---|
| ഇ -ലേലം കൊള്ളുന്നതിനുള്ള തീയതിയും സമയവും | 06.02.2026 11.30 AM |
| ഇ -ലേലം അവസാനിക്കുന്ന തീയതിയും സമയവും | 06.02.2026 03.30 PM |
| 06.02.2026 ൽ ലേലം നടന്നില്ലെങ്കിൽ പകരം ഇ -ലേലം നടക്കുന്ന തീയതിയും സമയവും | 16.02.2026 , 26.02.2026 ,05.03.2026 11.30 AM |
| നിരതദ്രവ്യം | 25000 /- രൂപ |
| കരാർ കാലാവധി | ഇ -ലേല സ്ഥിരീകരണം അറിയിക്കുന്ന തീയതി മുതൽ 60 ദിവസം |

ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ലേലത്തിനു മുമ്പുതന്നെ മരങ്ങളുടെ അളവും ഗുണനിലവാരവും എന്നിവ പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ലേലവ്യവസ്ഥകൾ

വായിച്ചുനോക്കി ബോധ്യപ്പെടേണ്ടതുമാണ്. ലേലത്തിനുശേഷം ഇതു സംബന്ധിച്ച പരാതികളൊന്നും സ്വീകരിക്കുന്നതല്ല.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) തിരുവനന്തപുരത്തിന്റെ 11.12.2012 ലെ പ്രൊ(5)26274/12-ാം നമ്പറായി പ്രസിദ്ധീകരിച്ചിട്ടുള്ള ഡിപ്പോ ലേല വ്യവസ്ഥകൾക്കും നിൽപ്പു മരങ്ങളുടെ വിൽപ്പന സംബന്ധിച്ച് നിലവിലുള്ള മറ്റു വ്യവസ്ഥകൾക്കും കൂടാതെ താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായിട്ടായിരിക്കും ലേലം. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ലേലത്തിന് തൊട്ടുമുമ്പത്തെ ദിവസം വൈകീട്ട് 6.00 മണിക്ക് മുമ്പായി നിരതദ്രവ്യമായ 25,000/- രൂപ ഇ-ട്രഷറിയിൽ ഇ-ചലാൻ മുഖേന 0406-01-101-99-05 എന്ന ഹെഡിൽ അടയ്ക്കാവുന്നതാണ്. ഇ-ചലാൻ പകർപ്പ് ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ മെയിൽ ഐ.ഡി. ആയ *dfo.clkdy.for@kerala.gov.in* ലേക്ക് ഇ-മെയിൽ മുഖാന്തിരം അയക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്ന ആളിന്റെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടക്കുന്ന ലേലക്കാരനു മാത്രമേ ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

## ഇ-ലേല നിബന്ധനകൾ

1. വിജയി ആകുന്ന ലേലക്കാരൻ ലേലസ്ഥിരീകരണ കത്ത് ലഭിച്ച് 7 ദിവസത്തിനകം ലേലത്തുകയുടെ 35% (മുപ്പത്തിയഞ്ച് ശതമാനം) തുക (നിരതദ്രവ്യം കുറച്ചതിനുശേഷമുള്ള തുക) ഒടുക്കേണ്ടതാണ്. ഈ തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനം മുഖേന അടയ്ക്കാവുന്നതാണ്. ടി തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.
2. ലേലത്തിൽ പരാജയപ്പെടുന്ന ലേലക്കാരന്റെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.
3. ലേലത്തിനായി പരസ്യപ്പെടുത്തിയ തീയതി ഏതെങ്കിലും കാരണത്താൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും, സമയത്തും ലേലം നടത്തുന്നതായിരിക്കും.
4. ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ ലേലത്തിന് മുൻപായി ഉൽപ്പന്നങ്ങളുടെ അളവും ഗുണനിലവാരവും പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും അവ സംബന്ധിച്ച യാതൊരു പരാതികളും ലേലത്തിൽ പരിഗണിക്കുന്നതുമല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

5. ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തിയതി മുതൽ 15 ദിവസത്തിനകം ബാക്കി തുകയുടെ മൂന്നിലൊന്നും മൊത്തം തുകയുടെ 5% വനവികസന നികുതിയും, നിലവിലുള്ള നിരക്കിൽ ചരക്ക് സേവനനികുതി, വരുമാനനികുതി എന്നിവയും ഒടുക്കി മൊത്തം ലേലത്തുകയുടെ 5 % സെക്യൂരിറ്റി ഡെപ്പോസിറ്റും അടച്ച് മൊത്തം ലേലത്തുകയുടെ 0.1 % രൂപയുടെ മുദ്രപ്പത്രത്തിൽ ഉടമ്പടി വയ്ക്കേണ്ടതാണ്. 15 ദിവസത്തിനുള്ളിൽ ടി തുകകൾ ഒടുക്കാതിരുന്നാൽ 12% പലിശയോടുകൂടി തുകകൾ ഒടുക്കുന്നതിന് 15 ദിവസത്തെ സമയവും 24% പലിശയോടുകൂടി 15 ദിവസത്തെ സമയവും യുക്തംപോലെ ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്. ഈ കാലാവധിക്കുള്ളിലും തുക ഒടുക്കാതെ വന്നാൽ തൃശ്ശൂർ, സെൻട്രൽ സർക്കിൾ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് യുക്തം പോലെ 24% പലിശ നിരക്കിൽ

15 ദിവസത്തേയ്ക്കും വീണ്ടും 48% പലിശനിരക്കിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) അവർകളുടെ യുക്തം പോലെ 15 ദിവസത്തേയ്ക്കും സമയം അനുവദിക്കാവുന്നതാണ്. എന്നാൽ മുകളിൽ പറഞ്ഞ സമയപരിധികളെല്ലാം കരാർ കാലാവധിക്കുള്ളിലായിരിക്കും.

6. ബാക്കിയുള്ള മൂന്നിൽ രണ്ട് ലേല തുക രണ്ടു തുല്യ ഗഡുക്കളായി ഒടുക്കേണ്ടതാണ്. ആദ്യ ഗഡു കരാർ തിയതി മുതൽ 15 ദിവസത്തിനകവും, 2-ാം ഗഡു കരാർ തിയതി മുതൽ ഒരു മാസത്തിനകമോ കരാർ കാലാവധിക്കകമോ ഏതാണോ ആദ്യം ആ കാലാവധിക്കുള്ളിലും ഒടുക്കേണ്ടതാണ്. ടി കാലവാധിക്കുള്ളിൽ പണം ഒടുക്കുവാൻ കഴിയാതെ വന്നാൽ 12% പലിശനിരക്കിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് 15 ദിവസത്തേക്കും, 24% പലിശ നിരക്കിൽ തൃശ്ശൂർ, സെൻട്രൽ സർക്കിൾ, ചീഫ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫോറസ്റ്റ് കൺസർവേറ്റർക്ക് യുക്തം പോലെ 30 ദിവസത്തേയ്ക്കും വീണ്ടും 30 ദിവസത്തേക്ക് 48% പലിശ നിരക്കിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) അവർകളുടെ യുക്തം പോലെയും കാലാവധി നീട്ടിക്കൊടുക്കാവുന്നതാണ്. എന്നാൽ മുകളിൽ പറഞ്ഞ സമയപരിധികളെല്ലാം കരാർ കാലാവധിക്കുള്ളിലായിരിക്കും.

7. ലേലം കൊള്ളുന്ന ആൾക്ക് നിശ്ചത വിസ്തൃതിയിലുള്ള തോട്ടത്തിൽ മാർക്ക് ചെയ്ത് നിർത്തിയിരിക്കുന്ന മരങ്ങൾക്കും മാത്രം അവകാശമുള്ളതും ലേലം കൊള്ളുന്ന തോട്ടത്തിലെ മറ്റ് ഇനത്തിലുള്ള മരങ്ങൾ ഒന്നും തന്നെ മുറിച്ച് നീക്കം ചെയ്യുന്നതിന് അവകാശമില്ലാത്തതുമാകുന്നു.

8. വിജയിയായ ലേലക്കാരൻ നിലവിലുള്ള നിരക്കിൽ ജി.എസ്.ടി, വനവികസനനികുതി, വരുമാന നികുതി എന്നിവയും ഒടുക്കേണ്ടതാണ്.

9. ഇ-ലേലത്തിന് പോസ്റ്റ് ഓഫറുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

10. കരാർ കാലാവധി ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തിയതി മുതൽ 60 ദിവസമാണ്. സാധാരണ ഗതിയിൽ കൂപ്പിന്റെ കാലാവധി നീട്ടികൊടുക്കുന്നതല്ല. എന്നാൽ പ്രത്യേക സാഹചര്യത്തിലും മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിലും, തൃശ്ശൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ താഴെ പറയും പ്രകാരം കൂപ്പിന് ഒരു മാസം വരെ കാലാവധി നീട്ടിക്കൊടുക്കുന്നതാണ്.

   a. മുറിക്കാൻ ബാക്കിയുള്ള ഭാഗത്തിന് ഹെക്ടറിന് 750 രൂപാ നിരക്കിൽ പിഴ ഈടാക്കുന്നതാണ്.

   b. മുറിച്ച മരങ്ങൾ കൂപ്പിൽ നിന്നും നീക്കം ചെയ്യാതെ അവശേഷിക്കുന്നുണ്ടെങ്കിൽ അവശേഷിക്കുന്ന മരങ്ങൾക്ക് കൂബിക്ക് മീറ്ററിന് 100 രൂപാ നിരക്കിൽ പിഴ ഈടാക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

c. വിറക് കൂപ്പിൽ നിന്നും നീക്കം ചെയ്യാതെ അവശേഷിക്കുന്നുണ്ടെങ്കിൽ അവശേഷിക്കുന്ന വിറകിന് ഒരു ടണ്ണിന് 50 രൂപാ നിരക്കിൽ പിഴ ഈടാക്കുന്നതാണ്.

കോൺട്രാക്ട് കാലാവധിക്കുള്ളിൽ നീക്കം ചെയ്യപ്പെടാത്ത തടിക്കും, വിറകിനുമാണ് പിഴ ഈടാക്കുന്നത്. ഇപ്രകാരം നീട്ടി നൽകുന്ന തിയതിക്കുള്ളിലും നീക്കം ചെയ്യാതെ കിടക്കുന്ന

തടിയും വിറകും കണ്ടുകെട്ടി ഗവൺമെന്റിലേക്ക് മുതൽ കൂട്ടുന്നതും കരാറുകാരന് ആയവയിൽ യാതൊരു അവകാശവും ഉണ്ടാകുന്നതുമല്ല. ഉടമ്പടിക്കാരൻ ചെയ്തു തീർക്കുവാനുള്ള ജോലികൾ

ഡിപ്പാർട്ട്മെന്റ് ചെയ്യിക്കുന്നതും ആയതിൽ വച്ചുണ്ടാകുന്ന മുഴുവൻ ചെലവും ഉടമ്പടിക്കാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും .

11. ലേലത്തിലെടുതിട്ടുള്ള തോട്ടങ്ങൾ ലേലക്കാരൻ യാതൊരു കാരണവശാലും മറ്റൊരു വ്യക്തിക്കോ ,സ്ഥാപനത്തിനോ കൈമാറുവാൻ പാട്ടുള്ളതല്ല .

12. ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റാഫീസറുടേയോ, വെള്ളിക്കുളങ്ങര റെയിഞ്ചാഫീസറുടേയോ രേഖാമൂലമുള്ള അനുമതിയോടുകൂടി മാത്രമേ കരാറുകാരനോ അയാളുടെ ആളുകളോ കൂപ്പിൽ പ്രവേശിക്കുവാൻ പാടുള്ളൂ.

13. ലേലക്കാരൻ കൂപ്പിന്റെ കാലാവധി തീരുന്നതുവരെ എല്ലാ സമയവും കൂപ്പിൽ ഉണ്ടായിരിക്കണം. കൂപ്പിന്റെ ബൗണ്ടറികൾ രണ്ട് മീറ്റർ വീതിയിൽ തെളിയിക്കുകയും ജണ്ടകൾ യഥാവിധി സംരക്ഷിക്കേണ്ടതുമാണ്.

14. കരാർ ഏറ്റെടുതിട്ടുള്ള പ്രദേശത്ത് ലേലക്കാരൻ സാക്ഷ്യപ്പെടുത്തിയ ഏജൻറ്ൻറെ സേവനം എല്ലായ്പോഴും ലഭ്യമാക്കേണ്ടതാണ് . ഇപ്രകാരം കരാറുകാരൻ സാക്ഷ്യപ്പെടുത്തി ഏർപ്പെടുത്തുന്ന ഏജൻറ് / ഏജൻറ്മാരുടെ പേര് ,അഡ്രസ്സ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സാക്ഷ്യപ്പെടുത്തിയ കയ്യൊപ്പ് എന്നിവ ചാലക്കുടി ഡിവിഷൻ ഫോറെസ്റ്റ് ഓഫീസർ മുൻപാകെ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ് . ലേലക്കാരൻ ഏർപ്പെടുത്തുന്ന ഏജൻറിനെ നിരസിക്കുവാനുള്ള അധികാരം ചാലക്കുടി ഡിവിഷൻ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ് . കേരള വനം വകുപ്പോ ,കേരള സർക്കാരോ കരിമ്പട്ടികയിൽപെടുത്തിയിട്ടുള്ള വ്യക്തികളെ ഏജൻറ് ആയോ ,ജോലിക്കാരായോ ലേലക്കാരൻ ഉൾപ്പെടുത്തുവാൻ പാടില്ല .

15. ലേലക്കാരനും ഏജന്റും ജോലിക്കാരും കേരള വനം വകുപ്പിലെ ബീറ്റ് ഫോറെസ്റ്റ് ഓഫീസർ , സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ,ഡെപ്യൂട്ടി റെയ്ഞ്ച് ഫോറെസ്റ്റ് ഓഫീസർ ,റെയ്ഞ്ച് ഫോറെസ്റ്റ് ഓഫീസർ , ഡിവിഷൻ ഫോറെസ്റ്റ് ഓഫീസർ എന്നിവർ തടികൾ മുറിച്ച് ശേഖരിച്ച് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സമയാസമയങ്ങളിൽ നൽകുന്ന നിർദേശങ്ങൾ പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ് .

16. യാതൊരു കാരണവശാലും പ്ലാന്റേഷനിലേയോ റിസർവ്വിലെയോ. മറ്റ് മരങ്ങൾക്കും തടികൾക്കും കേടുപാടുകളോ നാശനഷ്ടങ്ങളോ വരുത്തുവാൻ പാടില്ല. അത്തരത്തിൽ ഉണ്ടാകുന്ന നഷ്ടത്തിന് കരാറുകാരൻ ഉത്തരവാദി ആകുന്നതാണ്.

17. കരാർ വ്യവസ്ഥ പ്രകാരം വെട്ടി ശേഖരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് തീ മൂലമോ ,മോഷണം മൂലമോ മറ്റേതെങ്കിലും കാരണങ്ങളാലോ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ലേലക്കാരൻ ഉത്തരവാദി ആയിരിക്കുന്നതാണ് . വെട്ടി ശേഖരിക്കുന്ന ഉത്പന്നങ്ങൾക്ക് നാശനഷ്ടം സംഭവിക്കുവാൻ ഇടയുള്ള സാഹചര്യത്തിൽ ആയവ ലേലക്കാരൻ ഇൻഷ്വർ ചെയ്ത് സൂക്ഷിക്കേണ്ടതാണ് .

18. ലേലക്കാരനും ലേലക്കാരന്റെ ഏജന്റും മറ്റ് ജോലിക്കാരും കേരള ഫോറെസ്റ്റ് ആക്ട് ,വന്യജീവി സംരക്ഷണ നിയമം തുടങ്ങിയ എല്ലാ വനനിയമങ്ങളും പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ് .ക്രിമിനൽ കുറ്റങ്ങളിൽ പ്രതിചേർക്കപ്പെട്ടിട്ടുള്ളവർ യാതൊരു കാരണവശാലും ജോലിസ്ഥലത്ത് അനുവദനീയരല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

19. കരാറുകാരന്റെ സെക്യൂരിറ്റി തുക കാലാവധിക്കുശേഷം കരാറുകാരൻ ജി.എസ്.ടി, ഇൻകം ടാക്സ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് തിരിച്ചുനൽകുന്നതാണ്. എന്നാൽ ടി ഇനത്തിൽ
ഗവൺമെന്റിലേക്ക് ബാദ്ധ്യതകൾ വല്ലതുമുണ്ടെങ്കിൽ സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതാണ്.

20. സെയിൽ കൂപ്പുകളെ സംബന്ധിച്ച എല്ലാ പൊതു നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

21. മുറിച്ചു മാറ്റിയ മരങ്ങൾ സ്ഥലത്തു നിന്നും നീക്കം ചെയ്യുന്നതിനുള്ള ലൈസൻസ് നൽകുന്നത് ലേലതുകയും, നികുതികളും പൂർണ്ണമായും അടച്ചതിനുശേഷം മാത്രമായിരിക്കും. മുറിച്ച മരങ്ങൾ സ്ഥലത്തു നിന്നും നീക്കം ചെയ്യുന്നതിന് വനം വനംവകുപ്പിൽ നിന്ന് കരാറുകാരൻ പാസ്സ് ലഭ്യമാക്കേണ്ടതാണ്.

22. മരങ്ങൾ നിൽക്കുന്ന സ്ഥലത്തിന്റെ 0.4 കി. മീ. ചുറ്റളവിൽ സംഭവിക്കുന്ന എല്ലാ കുറ്റകൃത്യങ്ങൾക്കും കരാറുകാരൻ ഉത്തരവാദി ആകുന്നതാണ്. കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വിവരം വനം വകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദാക്കപ്പെടുന്നതാണ്.

23. മരങ്ങൾ മുറിച്ചു നീക്കം ചെയ്യുന്നതിനിടയിൽ സർക്കാരിനോ, സ്വകാര്യ വ്യക്തികൾക്കോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും കരാറുകാരന്റെ ജോലിക്കാർ, പൊതുജനങ്ങൾ എന്നവർക്ക് സംഭവിക്കുന്ന അപകട മരണം എന്നിവയ്ക്കും കരാറുകാരൻ മാത്രം ഉത്തരവാദി ആയിരിക്കുന്നതാണ്.

24. ഇ-ലേലം നിബന്ധനകളിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) തിരുവനന്തപുരം എന്തെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിന്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബാധകമായിരിക്കുന്നതും ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമാണ്. മറ്റൊരു അറിയിപ്പു കൂടാതെ ലേലം റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

25. ഇ-ലേലം സംബന്ധിച്ച് എം.എസ്.ടി.സി. പുറപ്പെടുവിച്ചിട്ടുള്ള പൊതുനിയമങ്ങളും നടപടി ക്രമങ്ങളും മേൽ ലേലത്തിനും ബാധകമായിരിക്കും.

26. ഗവൺമെൻറ് നിരക്ക് പ്രകാരം കണക്കാക്കിയ സീനിയറേജ് നിരക്കിന് താഴെയാണ് പ്രാരംഭ വില വരുന്നതെങ്കിൽ ,വിജയിക്കുന്ന ലേലക്കാരന് വർക്ക് നൽകുന്നതിന് മുൻപ് സർക്കാരിൽ നിന്ന് ആവശ്യമായ അനുമതി തേടുന്നതാണ് .

ഇ-ലേലം സംബന്ധിച്ച് വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസത്തിൽ ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഇ-മെയിൽ - e-mail dfo.clkdy.for@kerala.gov.in
ഫോൺ നമ്പർ - 0480 2701340

വെള്ളിക്കുളങ്ങര റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ് - 0480 2742053

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**SCHEDULE I**

2007 അക്കേഷ്യ തോട്ടത്തിൽ അപകടാവസ്ഥയിൽ നിൽക്കുന്ന 22 അക്കേഷ്യ മരങ്ങളുടെ ലിസ്റ്റ്

| Sl No | Marking No | Girth (cm) | Height (m) | Approximate Qty of timber Volume (m3) | Approximate Value Timber | Approximate Qty of FW Volume (MT) | Approximate Value FW | Total Value |
|---|---|---|---|---|---|---|---|---|
| 1 | 726/24 | 160 | 10 | 1.838 | 31356 | 1.144 | 1933.4 | 33289.64 |
| 2 | 727/24 | 140 | 15 | 1.195 | 20387 | 0.947 | 1600.4 | 21987.13 |
| 3 | 728/24 | 128 | 8 | 0.896 | 15286 | 0.820 | 1385.8 | 16671.56 |
| 4 | 729/24 | 125 | 10 | 0.830 | 14160 | 0.788 | 1331.7 | 15491.52 |
| 5 | 730/24 | 160 | 15 | 1.838 | 31356 | 1.144 | 1933.4 | 33289.64 |
| 6 | 731/24 | 160 | 12 | 1.838 | 31356 | 1.144 | 1933.4 | 33289.64 |
| 7 | 732/24 | 130 | 10 | 0.942 | 16071 | 0.841 | 1421.3 | 17491.81 |
| 8 | 733/24 | 32 | 10 | 0.128 | 1309.4 | 0.256 | 432.64 | 1742.08 |
| 9 | 734/24 | 100 | 12 | 0.404 | 4132.9 | 0.526 | 888.94 | 5021.86 |
| 10 | 735/24 | 105 | 12 | 0.473 | 4838.8 | 0.577 | 975.13 | 5813.92 |
| 11 | 736/24 | 80 | 10 | 0.197 | 2015.3 | 0.338 | 571.22 | 2586.53 |
| 12 | 737/24 | 80 | 8 | 0.197 | 2015.3 | 0.338 | 571.22 | 2586.53 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 13 | 738/24 | 90 | 8 | 0.288 | 2946.2 | 0.429 | 725.01 | 3671.25 |
| 14 | 739/24 | 70 | 4 | 0.128 | 1309.4 | 0.256 | 432.64 | 1742.08 |
| 15 | 740/24 | 100 | 15 | 0.404 | 4132.9 | 0.526 | 888.94 | 5021.86 |
| 16 | 741/24 | 110 | 8 | 0.550 | 5626.5 | 0.629 | 1063 | 6689.51 |
| 17 | 742/24 | 105 | 10 | 0.473 | 4838.8 | 0.577 | 975.13 | 5813.92 |
| 18 | 743/24 | 80 | 4 | 0.197 | 2015.3 | 0.338 | 571.22 | 2586.53 |
| 19 | 744/24 | 90 | 10 | 0.288 | 2946.2 | 0.429 | 725.01 | 3671.25 |
| 20 | 745/24 | 80 | 5 | 0.197 | 2015.3 | 0.338 | 571.22 | 2586.53 |
| 21 | 746/24 | 120 | 15 | 0.728 | 7447.4 | 0.734 | 1240.5 | 8687.9 |
| 22 | 747/24 | 90 | 12 | 0.288 | 2946.2 | 0.429 | 725.01 | 3671.25 |
| | | | | **14.317** | **211000** | **13.548** | **23000** | **234000** |

കൂടുതൽ വിവരങ്ങൾ ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ കാര്യാലയത്തിൽ നിന്നും (ഫോൺ : 0480 2701340) പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

(ഒപ്പ്)
എം. വെങ്കടേശ്വരൻ ഐ.എഫ്.എസ്.
ഡിവിഷണൽ ഫോറസ്റ്റ് ഓഫിസർ
ചാലക്കുടി
(കേരള ഗവർണർക്ക് വേണ്ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/